**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 582 — 29.11.2018 ൽ മറുപടിക്ക്

**പരമ്പരാഗത വ്യവസായ മേഖലയിലെ പ്രതിസന്ധി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.മുഹമ്മദ് മുഹസിൻ പി. | ശ്രീ. ഇ. പി. ജയരാജൻ (വ്യവസായവും സ്പോർട്ട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | നോട്ടുനിരോധനവും ജി.എസ്.ടി.യും പരമ്പരാഗത വ്യവസായ മേഖലയെ എപ്രകാരം ബാധിച്ചുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകമോ; | | ഉണ്ട്.<br><br>നോട്ട് നിരോധനം പരമ്പരാഗത വ്യവസായത്തിലെ കശുവണ്ടി മേഖലയെ സാരമായി ബാധിച്ചിട്ടുണ്ട്. GST യും നോട്ട് നിരോധനവും കശുവണ്ടി പരിപ്പ് വിപണനത്തെ സാരമായി ബാധിച്ചിട്ടുണ്ട്, പ്രത്യേകിച്ച് ഡൽഹി മാർക്കറ്റിൽ പരിപ്പ് വിൽപ്പനയിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്.<br><br>നോട്ടു നിരോധനം നിലവിൽ വന്ന കാലയളവിൽ സംസ്ഥാന ദേശീയ മേളകളിൽ പങ്കെടുത്ത മുള മേഖലയിലെ കരകൗശലക്കാർക്ക് വിൽപ്പന വരുമാനം മുൻ വർഷത്തേക്കാൾ കുറഞ്ഞു. എന്നാൽ 20 ലക്ഷം രൂപ വരെ വാർഷിക വിറ്റുവരവുള്ള കരകൗശല ഉൽപ്പന്നങ്ങൾക്ക് GST ഇല്ലാത്തതിനാൽ മുള മേഖലയിൽ പ്രവർത്തിക്കുന്ന കരകൗശലക്കാർക്ക് GST ബാധകമല്ല.<br><br>GST നിലവിൽ വന്നതിനു ശേഷം ഈറ്റ, പനമ്പ് ഇവയുടെ വില വർദ്ധനവ് മൂലം വിപണിയിൽ വില്പന പ്രതിമാസം 1 കോടി 40 ലക്ഷം രൂപയിൽ നിന്ന് 70 ലക്ഷം രൂപയായി കുറഞ്ഞു. നോട്ട് നിരോധനം മൂലമുണ്ടായ നോട്ടുകളുടെ ദൗർലഭ്യത കാരണം കോർപ്പറേഷന്റെ പനമ്പ്, ബാംബൂ പ്ലൈ |

ബാംബൂ തറയോടുകൾ എന്നീ ഉത്പന്നങ്ങളുടെ വില്പന കുത്തനെ കുറയുകയും കോർപ്പറേഷന്റെ ദൈനം ദിന പ്രവർത്തനങ്ങൾക്ക് വിഘാതം നേരിടുകയും ചെയ്തു.

GST വന്നതോടെ ബീഡി മേഖലയിലെ തൊഴിലാളികളുടെ വരുമാനത്തിൽ 30 ശതമാനത്തോളം കുറവ് സംഭവിച്ചു. കൂടാതെ ബീഡിയുടെ വിലയിൽ വൻ വർദ്ധനവ് ഉണ്ടാകുകയും വിൽപ്പനയിൽ പ്രതിമാസം രണ്ട് കോടി എണ്ണം ഇടിവ് വരികയുമുണ്ടായി.

നോട്ട് നിരോധനം മറ്റെല്ലാ മേഖലകളെയും പോലെ കരകൗശലമേഖലയെയും സാരമായി ബാധിച്ചിട്ടുണ്ട്. പൊതു ജനത്തിന്റെ ക്രയ ശേഷിയെ നേരിട്ട് ബാധിച്ച ഒരു നടപടിയായതിനാൽ അസംസ്കൃത സാധനങ്ങൾ വാങ്ങുന്നതിനും ഉണ്ടാക്കിയ കരകൗശല ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിനും ഒരേപോലെ ഈ മേഖലയിൽ ബുദ്ധിമുട്ട് അനുഭവപ്പെട്ടു. കരകൗശല മേഖലയിൽ GST ഏർപ്പെടുത്തിയത് മൂലം തൊഴിലാളികൾക്ക് അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനും അവർ നിർമ്മിച്ച ഉൽപ്പന്നങ്ങൾ വർദ്ധിച്ച നികുതിനിരക്കിൽ വിറ്റഴിക്കുന്നതിനും സുരഭി പോലെയുള്ള പൊതു മേഖലാ സ്ഥാപനങ്ങൾക്ക് പഴയതു പോലെ സാധിക്കുന്നില്ല.

അപ്രതീക്ഷിത നോട്ട് നിരോധനം പരമ്പരാഗത വ്യവസായമായ കയർ മേഖലയെ പ്രതികൂലമായി ബാധിച്ചു. ഇതു ആഭ്യന്തര വിപണനത്തെ സാരമായി ബാധിച്ചു. നോട്ടുകളുടെ ലഭ്യതക്കുറവ് മൂലം സാധാരണ ജനങ്ങൾ ഉൽപ്പന്നങ്ങൾ വാങ്ങാതെയായി. വ്യവസായ നടത്തിപ്പിനായി നൽകേണ്ടിയിരുന്ന കയറ്റിറക്കുകൂലി, താൽക്കാലിക ജീവനക്കാർക്കുള്ള വേതനം എന്നിവ നൽകാനായി നോട്ടിന്റെ ലഭ്യതക്കുറവ് ഉണ്ടായത് നിമിത്തം ജോലിക്കാരെ

| | | | |
|---|---|---|---|
| | | | ലഭിക്കാതെയായി. GST വന്നതിനു ശേഷം കയർ ഉൽപ്പന്നങ്ങൾക്ക് ഉയർന്ന നിരക്കിലുള്ള താരിഫ് ഏർപ്പെടുത്തിയതു മൂലം കയർ ഉൽപ്പന്നങ്ങൾക്ക് വില വർദ്ധിക്കാൻ ഇടയാവുകയും വിറ്റുവരവ് കുറയുകയും ചെയ്തു.<br><br>പരമ്പരാഗത കൈത്തറി മേഖലയിൽ നോട്ടു നിരോധനവും ജി.എസ്.ടിയും പ്രത്യാഘാതങ്ങൾ സൃഷ്ടിച്ചു. കൈത്തറി നെയ്ത്ത് മേഖലയിൽ ആവശ്യമായ നൂലുൽപാദനത്തിനുള്ള അസംസ്കൃത വസ്തുവായ പരുത്തി വാങ്ങുന്നത് മുതൽ നെയ്തെടുത്ത ഉൽപന്നങ്ങൾ വിൽപന നടത്തുന്നത് വരെയുള്ള പ്രക്രിയയിൽ സാമ്പത്തിക മേഖലയിലെ മാന്ദ്യം പ്രതികൂലമായി ബാധിച്ചു. ഹാന്റക്സ്, ഹാൻവീവ് എന്നീ സ്ഥാപനങ്ങൾ വഴി നടത്തിവരുന്ന വിൽപനയിലും ഇക്കാലയളവിൽ ഗണ്യമായ കുറവുണ്ടായി. |
| ബി) | സാമ്പത്തിക മാന്ദ്യം മൂലം പ്രതിസന്ധിയിലായ ഈ മേഖലയുടെ ഉന്നമനത്തിന് എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളതെന്ന് എന്ന് വ്യക്തമാക്കാമോ? | (ബി) | കശുവണ്ടി മേഖലയിലെ പ്രശ്നം പരിഹരിക്കുന്നതിനായി കേരളാ കാഷ്യൂ ബോർഡ് എന്ന സ്ഥാപനം രൂപീകരിച്ചു പ്രവർത്തനം ആരംഭിച്ചു. ഇടനിലക്കാരില്ലാതെ ഗുണനിലവാരമുള്ള കശുവണ്ടി വിദേശത്തുനിന്നും നേരിട്ട് ഇറക്കുമതി ചെയ്ത് പൊതുമേഖലാ സ്ഥാപനങ്ങളിലും (കാപ്പെക്സ്, കെ.എസ്.സി.ഡി.സി) സ്വകാര്യ മേഖലയിലും വിതരണം ചെയ്യുന്നതിനാണ് ഈ സ്ഥാപനം രൂപീകരിച്ചിട്ടുള്ളത്. കാപ്പെക്സും, കെ. എസ്. സി. ഡി. സി. യും ഇപ്പോൾ ഗുണമേൻമയുള്ള കശുമാവിൻ തൈകൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആറളം ഫാമിൽ നിന്നും നേരിട്ട് തോട്ടണ്ടി സർക്കാർ ഇടപെടൽ മൂലം വില നിശ്ചയിച്ച് കാപ്പെക്സിലും, കെ.എസ്. സി.ഡി.സി യിലും വാങ്ങിയിട്ടുണ്ട്. 2018 ഒക്ടോബറിൽ ബഹു. കശുവണ്ടി വ്യവസായ വകുപ്പ് മന്ത്രിയും, ബഹു. കൃഷിവകുപ്പ് മന്ത്രിയും സംയുക്തമായി പി.സി.കെ (പ്ലാന്റേഷൻ കോപ്പറേഷൻ ഓഫ് കേരള), കെ.എസ്.സി.ഡി.സി, കാപ്പെക്സ് അധികൃതരുമായി നടത്തിയ ചർച്ചയുടെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ 2019 ലെ പി.സി.കെ. (പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള) യുടെ കശുവണ്ടി വിളവെടുപ്പ് പൂർണ്ണമായും അവർ തന്നെ സംഭരിച്ച് കെ.എസ്.സി.ഡി.സി ക്കും കാപ്പെക്സിനും സർക്കാർ നിശ്ചയിക്കുന്ന വിലയിൽ നൽകണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>സാമ്പത്തിക മാന്ദ്യം മൂലം പ്രതിസന്ധി യിലായ കശുവണ്ടി വികസന കോർപ്പറേഷന്റെ ബാങ്കുകളുടെ ബാധ്യത ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽപെടുത്തി 80 കോടി രൂപ ബാങ്കുകൾക്ക് നൽകിയിട്ടുള്ളതാണ്.കൂടാതെ 2016-17 സാമ്പത്തിക വർഷം സർക്കാർ 60 കോടി രൂപയും 2017-18 സാമ്പത്തിക വർഷം 85.60 കോടി രൂപയും അനുവദിച്ചു നൽകിയിട്ടുള്ളതാണ്. ആകെ കശുവണ്ടി വികസന കോർപ്പറേഷന് 145.60 കോടി രൂപയും ബാങ്കുകൾക്ക് 80 കോടി രൂപയും നൽകി. ടി ഫണ്ടുകൾ ഉപയോഗിച്ച് കശുവണ്ടി വികസന കോർപ്പറേഷൻ പ്രവർത്തിച്ചു വരികയാണ്.<br><br>കേരള സംസ്ഥാന ബാമ്പൂ മിഷന്റെ പ്രധാന പ്രവർത്തന മേഖലകൾ നൈപുണ്യ വികസന പരിശീലനം, ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായുള്ള പരിശീലനം, കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള സാങ്കേതിക സഹായം, പുതുമയാർന്ന ഉൽപ്പന്നങ്ങളുടെ രൂപീകരണം, വിപണന മേളകൾ സംഘടിപ്പിക്കുക, ദേശീയ മേളകളിൽ കരകൗശല വിദഗ്ധരെ പങ്കെടുപ്പിക്കുക, മുള കൃഷി പ്രോത്സാഹിപ്പിക്കുക തുടങ്ങിയവയാണ്.<br><br>കരകൗശലക്കാർക്ക് സംസ്കരിച്ച മുള ലഭ്യമാക്കുന്നതിനു വേണ്ടി ബാംബൂ മിഷനും, ബാംബൂ കോർപ്പറേഷനുമായി സഹകരിച്ച് ഒരു ബാംബൂ സപ്ലൈ ചെയിൻ രൂപീകരിച്ചിട്ടുണ്ട്. ഈ പദ്ധതി രണ്ട് ഘട്ടങ്ങളിലായിട്ടാണ് നടപ്പിലാക്കുന്നത്. |

| | | | |
|---|---|---|---|
| | | | ഇതിന്റെ ആദ്യഘട്ടമായി കരകൗശലക്കാർക്ക് സംസ്കരിച്ച മുള ലഭ്യമാക്കുന്നതിനുവേണ്ടി കേരള സംസ്ഥാന ബാംബൂ കോർപ്പറേഷന്റെ കോഴിക്കോട് ജില്ലയിലെ നല്ലളത്തെ ബാംബൂ ഹൈടെക് ഫ്ളോറിംഗ് ടൈൽ ഫാക്ടറിയിൽ വാക്വം ഇംപ്രഗ്നേഷൻ യൂണിറ്റ് സ്ഥാപിച്ചു. സംസ്കരിച്ച മുള വിതരണം ചെയ്യുന്നതിനായി ബാംബൂ കേർപ്പറേഷന്റെ 5 ഈറ്റ (Reed) വിതരണ കേന്ദ്രങ്ങൾ വിപുലീകരിച്ചു.<br><br>രണ്ടാംഘട്ടമായി കേരള സംസ്ഥാന ബാംബൂ കോർപ്പറേഷന്റെ ഫാക്ടറി പരിസരത്ത് വാക്വം ഇംപ്രഗ്നേഷൻ യൂണിറ്റ് സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ അങ്കമാലിയിലെ ബാംബൂ ഇന്നവേഷൻ സെന്ററിന് സമീപം ഒരു ചെറിയ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണത്തിനുള്ള നടപടികൾ നടന്നു വരുന്നു.<br><br>2017-18 സാമ്പത്തിക വർഷം വനിതകൾക്ക് പനമ്പ് നെയ്ത്ത്, ഈറ്റ, മുള കൊണ്ടുള്ള കരകൗശല ഉല്പന്നങ്ങൾ, ഫർണ്ണീച്ചർ എന്നിവ നിർമ്മിക്കുന്നതിനുള്ള പരിശീലനം നൽകി തൊഴിലവസരം നൽകുക എന്ന ലക്ഷ്യത്തോട് കൂടി ആരംഭിച്ച പദ്ധതി പ്രകാരം 100 പേർക്ക് പ്രസ്തുത പരിശീലനം നൽകി തൊഴിൽ നൽകിയിട്ടുള്ളതാണ്. പരമ്പരാഗത ഈറ്റ വെട്ട്, പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് 08/05/2017 മുതൽ 20% കൂലി വർദ്ധനവ് നടപ്പിലാക്കി.<br><br>പ്രകൃതി ദത്തമായ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിക്കുന്ന ഉൽപ്പന്നങ്ങളുടെ വികസനത്തിനായി ക്ളസ്റ്റർ ഡവലപ്മെന്റ് പ്രോഗ്രാമുകൾ, പരമ്പരാഗത കരകൗശല മേഖലയെ നവീകരിക്കുന്നതിനായി ഇൻകംജനറേഷൻ ഇൻ ട്രെഡിഷണൽ സെക്ടർ എന്ന പദ്ധതി പ്രകാരം സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ |

| | | | |
|---|---|---|---|
| | | | കരകൗശല ശിൽപ്പികൾക്കുള്ള പരിശീലന പദ്ധതി എന്നിവ സുരഭി മുഖാന്തിരം നടപ്പിലാക്കി വരുന്നു.<br><br>കയർ മേഖലയുടെ ഉന്നമനത്തിന് സ്വീകരിച്ച നടപടികൾ<br>1. കയർ സഹകരണ സംഘങ്ങൾക്ക് കയർ കോ-ഓപ്പറേറ്റീവ് സപ്പോർട്ട് സ്കീം പ്രവർത്തന മൂലധനം നൽകിയിട്ടുണ്ട്.<br>2. കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനം ഉൾപ്പടെയുള്ള ധനസഹായം നൽകി വരുന്നു.<br>3. കയറും കയർ ഉൽപ്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം(എം.ഡി.എ.) നൽകി വരുന്നു.<br>4. കയർമേഖലയിലെ സംരംഭകർക്ക് മാർജ്ജിൻ മണി വായ്പ നൽകുന്നു.<br>5. പ്രത്യേക നിക്ഷേപ സഹായ പദ്ധതിയിലൂടെ (സ്പെഷ്യൽ ഇൻവെസ്റ്റ്മെന്റ് സബ്സിഡി) ധനസഹായം നൽകി വരുന്നു.<br>6. കയർ വ്യവസായത്തിൽ യന്ത്രവൽക്കരണം നടപ്പിലാക്കുന്നു.<br>7. ഉൽപ്പാദനവും വിപണന പ്രചോദനവും (പി.എം.ഐ.) പദ്ധതിയിലൂടെ ആനുകൂല്യം നൽകി വരുന്നു.<br>8. വിലവ്യതിയാനം പരിഹരിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.<br>9. കയർ മേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി നടപ്പിലാക്കി വരുന്നു.<br>10. കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം നൽകുന്നു.<br>11. കയർ ജിയോ ടെക്സ്റ്റയിൽസ് പദ്ധതി നടപ്പിലാക്കി വരുന്നു.<br>12. കയർപിരി/ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ തന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കി വരുന്നു.<br>13. കയർ തൊഴിലാളികൾക്ക് പെൻഷൻ |

| | | | |
|---|---|---|---|
| | | | പദ്ധതി നടപ്പിലാക്കി വരുന്നു.<br>14. മാനേജീരിയൽ സബ്സിഡി സ്കീം നടപ്പാക്കി വരുന്നു.<br>15. കയർ മേഖലയുടെ സമഗ്ര വികസനത്തിനായി രണ്ടാം പുന:സംഘടന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>പരമ്പരാഗത കൈത്തറി മേഖലയുടെ ഉന്നമനം ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാന സർക്കാർ സൗജന്യ സ്കൂൾ യൂണിഫോം, പദ്ധതി നടപ്പിലാക്കിയത് കൂടാതെ ഈ മേഖലയിൽ ഉൽപന്നങ്ങളുടെ വൈവിദ്ധ്യകരണത്തിനും ഉയർന്ന വിപണന സാദ്ധ്യതകൾക്കുമായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി (നിഫ്റ്റ്) യുമായി ചേർന്ന് കൈത്തറി ഉൽപ്പന്നങ്ങളുടെ ബ്രാൻഡിങ്ങിനായി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി. |

സെക്ഷൻ ഓഫീസർ